# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3819 – 21/06/2019 - ലെ മറുപടിക്ക്

## വാർഷിക പദ്ധതികളുടെ നടത്തിപ്പ്

ചോദ്യം

ഉത്തരം

ശ്രീ.വി.ഡി.സതീശൻ
,, എം. വിൻസെന്റ്
,, അനൂപ് ജേക്കബ്
,, സണ്ണി ജോസഫ്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനത്ത് വാർഷിക പദ്ധതികളുടെ നടത്തിപ്പ് മെല്ലെപോക്കിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പദ്ധതി ചെലവിന്റെ പുരോഗതി കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും നിലവിലുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ; | പദ്ധതി ചെലവിന്റെ പുരോഗതി വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനുമായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചീഫ് സെക്രട്ടറി എല്ലാ വകുപ്പ് സെക്രട്ടറിമാരും ഉൾപ്പെടുന്ന പദ്ധതി ചെലവ് അവലോകന കമ്മിറ്റി യോഗം എല്ലാ ത്രൈമാസങ്ങളിലും കൂടാറുണ്ട്. സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഓരോ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് സെക്രട്ടറിമാരുടെ യോഗം നടത്തുകയും, പ്രസ്തുത യോഗത്തിൽ പദ്ധതി നടപ്പിലാക്കുമ്പോഴുള്ള പ്രശ്നങ്ങൾ അവതരിപ്പിക്കുകയും അത് പരിഹരിക്കുന്നതിനായി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. സംസ്ഥാന ആസൂത്രണ ബോർഡിൽ വാർഷിക പദ്ധതി രൂപീകരണ ചർച്ചയിൽ പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്ലാൻ സ്പേയ്സ് സാങ്കേതിക വിദ്യയിലൂടെയാണ് ഇത് |

| | | |
|---|---|---|
| | | നടപ്പിലാക്കുന്നത്. കൂടാതെ, ജില്ലാ തലത്തിൽ എല്ലാ മാസവും അവസാന ശനിയാഴ്ച്ച ദിവസങ്ങളിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ വികസന സമിതി കൂടുകയും ബഹുമാനപ്പെട്ട എം.പി മാർ, എം.എൽ.എ മാർ എന്നിവർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരുടെ യോഗത്തിൽ ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പ് പുരോഗതി അവലോകനം ചെയ്യുന്നുണ്ട് . |
| (സി) | വകുപ്പുകൾ അനുമതി നൽകിയ പദ്ധതികൾക്ക് പോലും സമയത്ത് പണം അനുവദിക്കുന്നതിൽ ധനകാര്യ വകുപ്പിന്റെ ഭാഗത്ത് നിന്ന് വീഴ്ച വന്നതായി കണ്ടെത്തിയിട്ടുണ്ടോ; നിസാര കാര്യങ്ങൾ പറഞ്ഞ് ഇത്തരം ഫയലുകളിൽ ധനകാര്യ വകുപ്പ് തീരുമാനം നീട്ടികൊണ്ട് പോകുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ; | വകുപ്പുകൾ അനുമതി നൽകിയ പദ്ധതികൾക്ക് പണം അനുവദിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടില്ല. എന്നാൽ 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെ തുടർന്ന് പദ്ധതികളുടെ മുൻഗണനാ പുന:ക്രമീകരണം നടത്തുവാൻ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിനെ തുടർന്ന്, പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ് എന്നിവ ഒഴികെയുള്ള വകുപ്പുകളുടെ 2018-19-ലെ പദ്ധതിയടങ്കലിൽ 20% കുറവ് വരുത്താൻ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ, വിഭവ മാനേജ്മെന്റിനു വേണ്ടി ചില ട്രഷറി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് സാധാരണ നടപടിയാണ്. |
| (ഡി) | എങ്കിൽ പദ്ധതി നടത്തിപ്പ് സമയബന്ധിതമായി നടത്തുന്നതിന് വേണ്ട നടപടികൾ വകുപ്പിന്റെ ഭാഗത്ത് നിന്ന് ഉറപ്പ് വരുത്തുമോ? | 'സി'പിരിവിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**